(ഡി) 100% കേന്ദ്ര സഹായത്തോടെ കേരളത്തിലെ കോട്ടയം എറണാകുളം ജില്ലകളിലെ 6 താലൂക്കുകളിൽ 1999-2000 വർഷങ്ങളിലായി ഡിജിറ്റൈസേഷൻ ജോലി ആരംഭിച്ചു. ഒറിജിനൽ റിക്കാർഡിന്റെ പകർപ്പ് സർവ്വേ വകുപ്പ് കമ്പനിക്ക് നൽകുകയും കമ്പനി ആയതിന്റെ ഡിജിറ്റൈസ് ഡ്രാഫ്റ്റ് കമ്പ്യൂട്ടർ പ്രിന്റ് വകുപ്പിന് സമർപ്പിക്കുകയും ആയത് വകുപ്പിലെ ജീവനക്കാർ പരിശോധിച്ച് ആവശ്യമായ കറക്ഷൻസ് വരുത്തി കമ്പനിയെ തിരികെ ഏൽപ്പിക്കുകയും ചെയ്യുന്നു. അതനുസരിച്ച് കമ്പനി ഫൈനൽ പ്രിന്റ് വകുപ്പിന് നൽകുന്നു. അവസാനം ഡിജിറ്റൈസ്ഡ് വില്ലേജ് മാപ്പും നൽകുന്നു. ഇതാണ് ഡിജിറ്റൈസേഷൻ സംബന്ധിച്ച പൊതുവായ നടപടിക്രമം. (ഡിജിറ്റൈസേഷന്റെ ഇതുവരെയുള്ള പുരോഗതി അനുബന്ധം 1-ആയി കാണാവുന്നതാണ്.*)

(ഇ) കേന്ദ്ര സർക്കാരാണ് കേരളത്തിലെ ആറു താലൂക്കുകളിലെ ഡിജിറ്റൈസേഷൻ ജോലി മൂന്നു കമ്പനികളെ ഏൽപ്പിച്ചത്. ഓരോ കമ്പനിയും ഡിജിറ്റൈസേഷനുപയോഗിക്കുന്നത് ഓരോ തരം സോഫ്റ്റ് വെയറുകളാണ്.

കമ്പനിയുടെ പേര്	സോഫ്റ്റ് വെയറിന്റെ പേര്
1. വിഷൻ ലാബ് ഇൻസ്റ്റിറ്റ്യൂട്ട്, ഹൈദ്രാബാദ്	വിഷൻ സർവ്വേയർ
2. സിസ്റ്റം ചെന്നൈ	സി-കാഡ്
3. എൻ. ഐ. ഐ.റ്റി.ജി.ഐ. എസ്	ആർക്ക് ഇൻഫോ ആർക്ക് വ്യൂ ലിമിറ്റഡ്, ന്യൂഡൽഹി

(എഫ്) കരാർ പ്രകാരം സോഫ്റ്റ് വെയർ കമ്പനിതന്നെ നേരിട്ടു വാങ്ങുന്നതാകയാൽ ആയതിന്റെ വില എത്രയെന്ന് വ്യക്തമായി പറയാൻ കഴിയില്ല.

(ജി) മൂന്ന് പൈലറ്റ് പദ്ധതികളായാരംഭിച്ച ഡിജിറ്റൈസേഷൻ ജോലിയുടെ മൊത്തം ചെലവ് 156.08 ലക്ഷം രൂപയാണ്. ആയതിൽ 77.25 ലക്ഷം രൂപ 1999-2000 വർഷത്തിൽ അനുവദിച്ചു കിട്ടി. ബാക്കി 78.83 ലക്ഷം രൂപ ഇനിയും സർക്കാരിൽ നിന്ന് അനുവദിക്കാനുണ്ട്. (പദ്ധതിയുടെ സാമ്പത്തിക പുരോഗതി അനുബന്ധം 2 ആയി വച്ചിട്ടുണ്ട്.*

റീസർവ്വേ റിക്കാർഡുകളിലെ വ്യാപകമായ അപാകതകൾ

20 (617) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ വൈത്തിരി, ബത്തേരി, മാനന്തവാടി എന്നീ താലൂക്കുകളിലെ റീസർവ്വേ റിക്കാർഡുകളിൽ വ്യാപകമായ അപാകതകൾ കടന്നു കൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം കൈവശ ഭൂമിക്കു നികുതിയടയ്ക്കാൻ കഴിയാതെയും ത്രിതല പഞ്ചായത്തുകളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കാതെയും അനേകം കുടുംബങ്ങൾ കഷ്ടപ്പെടേണ്ടതായിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റീസർവ്വേ നിക്കാർഡുകളിലുണ്ടായ ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത താലൂക്കുകളിൽ നിന്ന് സർവ്വേ അദാലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഡി) വയനാട് ജില്ലയിൽ വർഷങ്ങളായി തീരുമാനമാകാതെ കിടക്കുന്ന ഇത്തരം മുഴുവൻ കേസ്സുകളും സമയബന്ധിതമായി തീർപ്പാക്കാൻ നിർദ്ദേശം നൽകുമോ ;

(ഇ) ഈ സർക്കാർ നിലവിൽ വന്നശേഷം വയനാട് ജില്ലയിൽ നിന്നും ഇത്തരത്തിൽ ഉള്ള എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തു ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഏകമാസ അദാലത്തിൽ 33673 അപേക്ഷകൾ ലഭിച്ചു. അതുമുഴുവൻ തീർപ്പാക്കിയിട്ടുണ്ട്. ഏകദിന അദാലത്തിൽ 14232 അപേക്ഷകൾ ലഭിച്ചു. അതിൽ 13911 എണ്ണം തീർപ്പാക്കി. ബാക്കി 321 എണ്ണം തീർപ്പാക്കാനുണ്ട്.

(ഡി) സമയബന്ധിതമായി തീർപ്പാക്കുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) 6618 അപേക്ഷകളിന്മേൽ തീരുമാനമെടുത്തു.

സർവ്വേ ഡയറക്ടർ ആഫീസ് മാറ്റി സ്ഥാപിക്കാൻ നടപടി

21 (618) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലാ സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ആഫീസുകൾ ബന്ധപ്പെട്ട ജില്ലകൾക്ക് പുറത്ത് പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ ആഫീസുകൾ ബന്ധപ്പെട്ട ജില്ലകൾക്ക് പുറത്തു സ്ഥാപിക്കാൻ ഉള്ള കാരണമെന്ത് ;

(സി) വയനാട് ജില്ല സ്ഥാപിച്ചിട്ടെത്ര കാലമായി ;

(ഡി) പ്രസ്തുത ജില്ലയെ സംബന്ധിക്കുന്ന സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് എവിടെയാണ് പ്രവർത്തിക്കുന്നത് ;

(ഇ) പ്രസ്തുത ആഫീസ് വയനാട്ടിലേക്ക് മാറ്റി സ്ഥാപിക്കുവാൻ സർവ്വേ ഡയറക്ടർ ശുപാർശ ചെയ്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly